19102265

**QP CODE: 19102265**

Reg No : ................

Name : ................

## UNDER GRADUATE (CBCS) EXAMINATION, OCTOBER 2019

**Third Semester**

**Common Course II - ML3CCT04 - മലയാളം - ദൃശ്യകലാ സാഹിത്യം**

**(2018 ADMISSION ONWARDS)**

Common for Model I BA /BSc Programmes

2018 Admission

B457827E

Maximum Marks: 80 Time: 3 Hours

### പാർട്ട് എ

*അരപ്പുറത്തിൽകവിയാതെ ഏതെങ്കിലും പത്തു ചോദ്യത്തിന് ഉത്തരമെഴുതുക*
*ഓരോ ചോദ്യത്തിനും 2 മാർക്ക് വീതം*

1. " ഉപവനലതകൾക്ക് മാനഭംഗം
വിപിന ലതോന്നാതി മൂലമുത്തവിച്ചു " - വിശദീകരിക്കുക ?
2. രാജാവും മുനിമാരും ഒരുപോലെയാണെന്ന് പറയുന്നതെന്തുകൊണ്ട് ?
3. "പൗരവാ മര്യാദ ലംഘിക്കരുത് ; കാമപാരവശ്യം ഇരുന്നാലും എന്റെ ആത്മാവ് എനിക്ക് സ്വാധീനമല്ല "- ആരുടെ വാക്കുകൾ ? വിശദീകരിക്കുക
4. ദുഷ്യന്തന്റെ അടുത്തേയ്ക്കു പോകുന്ന ശകുന്തളയുടെ വഴികളെ ക്കുറിച്ചുള്ള വനദേവതമാരുടെ ആശംസകളെന്ത് ?
5. " നാട്ടിൽ പ്രഭുക്കളെക്കണ്ടാലറിയാത്ത
കാട്ടിൽ കിടക്കുന്ന മൂളിക്കുരങ്ങു നീ " - ആര് ആരോട് പറയുന്നു? വിശദീകരിക്കുക
6. " വഴി തന്നിൽ കിടക്കുന്ന വാലെടുത്തു മാറ്റിവെച്ചു
വഴിപോലെ കടന്നാശു ഗമിക്കഭീമസേനാ നീ" - ആരുടെ വാക്കുകൾ ?- സന്ദർഭമെഴുതുക.
7. കഥകളിയുടെ ചരിത്രപശ്ചാത്തലം എഴുതുക
8. " വിധുമുഖിയുടെ രൂപമധുതര കേട്ടു മമ
വിധുരത വന്നു കൃത്യ ചതുരതപോയി" - വിശദമാക്കുക.
9. "പിന്നെ എന്തിനാ ഒരുത്തൻ ചത്തതതിന് വേറൊരുത്തനെക്കുടി കൊല്ലുന്നത് "- എന്താണ് സൂചിപ്പിക്കുന്നത് ? വിശദീകരിക്കുക.



Turn Over

10. "എടോ ഒരു മരണത്തെ മറ്റൊരു മരണം കൊണ്ട് മറയ്ക്കാൻ കഴിയുമോ . അത് വ്യാമോഹമാണെന്നാണ് പറഞ്ഞത്." എന്താണ് വിവക്ഷിതം? വിശദമാക്കുക.

11. "എല്ലാവരും പൗഡർ കഴുകി കളഞ്ഞ് സ്ഥലം വിട്ടു. ഇനിയും ചത്തവനൊക്കെ ഉയർക്കുന്നതിനുമുമ്പ് കഥ നിർത്താം . സന്ദർഭം എഴുതി വിശദീകരിക്കുക.

12. ചാപ്പാക്കുരിശ് എന്ന സിനിമയെക്കുറിച്ച് ഒരു കുറിപ്പു തയാറാക്കുക.

(10×2=20)

## പാർട്ട് ബി

*ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക*

*ഓരോ ചോദ്യത്തിനും 5 മാർക്ക് വീതം*

13. ഭാരതത്തിന്റെ നാടകപാരമ്പര്യത്തെക്കുറിച്ച് എഴുതുക.

14. ശകുന്തള തനിക്ക് വിവാഹം കഴിക്കാൻ അനുയോജ്യയാണെന്ന് ദുഷ്യന്തൻ മനസ്സിലാക്കുന്നത് എങ്ങനെയാണ്. ?

15. ശാകുന്തളത്തിൽ ദുർവ്വാസാവ് മഹർഷിയുടെ ശാപത്തിന്റെ പ്രസക്തി എന്ത്?

16. ശാകുന്തളത്തിലെ തെളിമയുള്ള ഒരു കഥാപാത്രമാണ് കണ്വൻ.- വിശദീകരിക്കുക.

17. ദമയന്തിയുടെ സൗന്ദര്യത്തെക്കുറിച്ച് ഹംസത്തിന്റെ വിവരണം എപ്രകാരമാണ്.?

18. 1128-ൽ ക്രൈം 27 എന്ന നാടകത്തിലെ പ്രവേശികയുടെ പ്രസക്തി എന്ത്.?

19. ഇന്ത്യൻ സിനിമയ്ക്ക് ഫാൽക്കെ നല്കിയ സംഭാവനകൾ എന്തെല്ലാം.?

20. കുടുംബമെന്ന സ്ഥാപനത്തെ മാത്രമല്ല നാടുവാഴിത്തഅധികാരത്തെയും വടക്കൻപാട്ട് സിനിമകളിലെ പെണ്ണുങ്ങൾ വെല്ലുവിളിക്കുന്നുണ്ട്. വ്യക്തമാക്കുക.

21. മലയാളത്തിലെ സ്വതന്ത്രസിനിമകളെ പരിചയപ്പെടുത്തുക.

(6×5=30)

## പാർട്ട് സി

*നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക*

*ഓരോ ചോദ്യത്തിനും 15 മാർക്ക് വീതം*

22. ശാകുന്തളത്തിന്റെ ആദ്യ അങ്കങ്ങളിൽ തീർത്തും അബലയായാണ് ശകുന്തളയെ ചിത്രീകരിച്ചിരിക്കുന്നത്- ഈ അഭിപ്രായം ചർച്ച ചെയ്യുക.

23. കല്യാണസൗഗന്ധികത്തിൽ ഭീമസേനനും ഹനുമാനും തമ്മിലുള്ള വാക് യുദ്ധം പരസ്പരം കൊണ്ടും കൊടുത്തും ശരിക്കും ഒരു യുദ്ധമാണ്- ഉപന്യസിക്കുക

24. നളചരിതത്തിന്റെ ഭാഷാപരമായ പ്രത്യേകതകളെക്കുറിച്ച് പാഠഭാഗത്തെ മുൻനിർത്തി ഉപന്യസിക്കുക.

25. ചരിത്രത്തിലും ചലച്ചിത്രത്തിലും കടന്നുവരുന്ന പഴശ്ശിരാജയെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.

(2×15=30)